DESPATCHED
On..26.2.2020
10/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 345*(2)/2017*/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **1474**/എസ്.ഐ.സി-ജി 6/17)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.കെ.ഗോവിന്ദൻ നമ്പൂതിരി,
നീലമന CC8/491,
നിയർ T.D ഹൈസ്കൂൾ,
ചെറളായി റോഡ്, മട്ടാഞ്ചേരി,
കൊച്ചി.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
പൊതുഭരണ (പൊളിറ്റിക്കൽ)വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി സെക്രട്ടറി& പ്രോട്ടോകോൾ ഓഫീസർ,
പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24.12.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04.01.2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 11.01.2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 21.01.2017 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 30.01.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.09.2019 കമ്മീഷൻ അസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു. |

# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.കെ.ഗോവിന്ദൻ നമ്പൂതിരി, 21.01.2017ന് സമർപ്പിച്ച അപ്പീൽ ഹർജി 30.01.2017ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.345(2)/17/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ മുഖ്യമന്ത്രിയുടെ ഓഫീസിൽ സമർപ്പിച്ച അപേക്ഷ പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിലേയ്ക്ക് കൈമാറിയിരുന്നുവെന്നും ടി ഓഫീസിൽ നിന്നും ലഭ്യമായ മറുപടിയിൽ വിവരങ്ങൾ ലഭ്യമല്ല എന്നാണ് അറിയിച്ചതെന്നും ടിയാന് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 24.12.2016ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും നടത്തിയ ന്യൂഡൽഹി യാത്ര സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള 9 വിവരങ്ങളാണ്. ആയതിന് 04.01.2017ന് മറുപടി നൽകിയിരുന്നുവെന്നും ടി മറുപടിയിൽ മുഖ്യമന്ത്രി കഴിഞ്ഞ ആറുമാസത്തിനിടയിൽ ആറു പ്രാവശ്യം ന്യൂഡൽഹി സന്ദർശനം നടത്തിയിരുന്നുവെന്നും ആയത് സംബന്ധിച്ച വിവരങ്ങൾ നൽകിയിരുന്നുവെന്നും മുഖ്യമന്ത്രിക്ക് അകമ്പടി പോയവരും അവരുടെ മീറ്റംഗിലുള്ള പങ്കിനെക്കുറിച്ച് ടി വകുപ്പിൽ അറിവുള്ളതല്ലെന്നും എത്ര മന്ത്രിമാർ ഡൽഹി സന്ദർശിച്ചു എന്നുള്ളത് ബന്ധപ്പെട്ട മന്ത്രിമാരുടെ ഓഫീസിലെ എസ്.പി.ഐ.ഒ.മാരിൽ നിന്നും ലഭ്യമാകുമെന്നും ടി വകുപ്പിൽ സമാഹൃത വിവരം ലഭ്യമല്ലെന്നും മുഖ്യമന്ത്രി വിമാനമാർഗ്ഗമാണ് ഡൽഹി സന്ദർശിക്കാറെന്നും ആയതിന്റെ ചെലവു കണക്കുകൾ പൊതുഭരണ (അക്കൗണ്ട്സ്) വകുപ്പിലെ എസ്.പി.ഐ.ഒ.യിൽ നിന്നും ലഭിക്കുന്നതാണെന്നും മന്ത്രിമാരുടെ യാത്രാചെലവു കണക്കുകൾ ബന്ധപ്പെട്ട മന്ത്രി ഓഫീസിലെ എസ്.പി.ഐ.ഒ.യിൽ നിന്നും ലഭിക്കുന്നതാണെന്നും 6,7,8,9 എന്ന ചോദ്യങ്ങൾക്ക് വിവരാവകാശ നിയമത്തിലെ

‘information’ എന്നതിന്റെ പരിഗണനയിൽ വരുന്നതല്ല എന്നുമാണ്. തുടർന്ന് 11.01.2017ന് ഒന്നാം അപ്പീൽ സമർപ്പിച്ചതായി കാണുന്നു.

4. പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിലെ രണ്ടാം എതിർകക്ഷി 04.03.2017ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, സംസ്ഥാന മന്ത്രിമാരുടെ ന്യൂഡൽഹി യാത്ര സംബന്ധിച്ചുള്ള വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ മുഖ്യമന്ത്രിയുടെ ഓഫീസിലെ എസ്.പി.ഐ.ഒ. ടി വകുപ്പിലേയ്ക്ക് കൈമാറിയിരുന്നുവെന്നും ആയതിന് ടി വകുപ്പിൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് കൈമാറിയെങ്കിലും പ്രധാന വിവരങ്ങൾ കൈമാറിയിട്ടില്ല എന്നാണ് ഹർജിക്കാരന്റെ അപ്പീലിൽ പറഞ്ഞിരിക്കുന്നത് എന്നാണ്. മുഖ്യമന്ത്രി ഒഴികെയുള്ള മന്ത്രിമാർ മറ്റു സംസ്ഥാനങ്ങൾ സന്ദർശിക്കുമ്പോൾ മന്ത്രി ആഫീസ് നേരിട്ടാണ് വിവരങ്ങൾ മറ്റു സംസ്ഥാനങ്ങളിലെ ബന്ധപ്പെട്ട വകുപ്പുകളെ അറിയിക്കുന്നതെന്നും ഡൽഹി/മുംബൈ/തമിഴ്നാട് കേരള ഹൗസിൽ താമസ സൗകര്യം ആവശ്യമുണ്ടെങ്കിൽ മാത്രമാണ് ടി വകുപ്പിൽ വിവരം അറിയിക്കുന്നതെന്നും മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാരുടെ സന്ദർശനത്തിന്റെ അജണ്ടയോ, ആരൊക്കെ ഇവരുടെ കൂടെ പോകുന്നു, ആരെയെല്ലാം അവർ വിസിറ്റ് ചെയ്യുന്നുവെന്നുള്ള വിവരങ്ങളൊന്നും തന്നെ ടി വകുപ്പിൽ അറിയാൻ വഴിയില്ലെന്നും ആയതിനാൽ ടി വകുപ്പിൽ ലഭ്യമായ വിവരം ഹർജിക്കാരന് നൽകുകയും മറ്റു വിവരങ്ങൾ ബന്ധപ്പെട്ട മന്ത്രി ഓഫീസുകളിൽ നിന്നും നേരിട്ട് വാങ്ങുവാനും മന്ത്രിമാരുടെ യാത്രാ ചെലവ് സംബന്ധിച്ച വിവരങ്ങൾ പൊതു ഭരണ(അക്കൗണ്ട്സ്) വകുപ്പിൽ നിന്നും ശേഖരിക്കാനും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നുമാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 25.09.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടതും പ്രസ്തുത

വകുപ്പിൽ ലഭ്യമായതുമായ എല്ലാ വിവരങ്ങളും നൽകിയിട്ടുണ്ടെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാന ത്തിലും രേഖകൾ പരിശോധിച്ച് ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാന ത്തിലും ടി അപ്പീൽ ഹർജി ഇന്നേദിവസം 2020 ജനുവരി 10–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)
Ge/